**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5661** — **27.10.2011 ലെ മറുപടിക്ക്**

## പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. മുരളീധരൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എന്താണെന്ന് വ്യക്തമാക്കാമോ ; | എ) ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബി.എ/ ബി.എസ്.സി./ബി.കോം-ഉം എച്ച്.ഡി.സി. അല്ലെങ്കിൽ ജെ.ഡി.സി.യും അഥവാ ബി.കോം വിത്ത് കോ-ഓപ്പറേഷൻ അഥവാ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ആണ്. ഇതേ യോഗ്യതയാണ് ജില്ലാ സഹകരണ ബാങ്കിലെ അംഗ സംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയുടെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത. |
| ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ഇതു സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച വിധിയ്ക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ബഹു. സുപ്രീംകോടതി മുമ്പാകെ എസ്.എൽ.എ (സിവിൽ) നമ്പർ 1615-1619/2009 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീം കോടതി മുമ്പാകെയുള്ള ടി കേസിലെ തീർപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| സി) ഇക്കാര്യത്തിൽ പി.എസ്.സി. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് അറിയുമോ; കേസിൽ സ്റ്റേ ഉത്തരവ് ഇല്ലെങ്കിൽ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | സി)യും ഡി)യും ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.എ. (സിവിൽ) നമ്പർ 1615-1619/2009 കേസ് തീർപ്പാക്കപ്പെട്ടിട്ടില്ല. |
| ഡി) 24.05.2006-ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? | റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷനാണ്. ഇക്കാര്യം സംബന്ധിച്ച സുപ്രീം കോടതി മുമ്പാകെയുള്ള കേസിൽ ഉത്തരവ്/തീർപ്പ് ആയതിനു ശേഷം മാത്രമേ 24.05.2006-ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**